# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:23.06.2026

## പ്രധാനവാർത്തകൾ

1. 2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിക്കും.
2. നിയമസഭയിൽ പ്രതിപക്ഷ ബഹളം. ബജറ്റിൽ വീര്യം കുറഞ്ഞ മദ്യങ്ങളുടെ നികുതി കുറച്ച സാഹചര്യം സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.
3. 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ സംസ്ഥാന ബജറ്റിനെ കുറിച്ചുള്ള ചർച്ച നിയമസഭയിൽ പുരോഗമിക്കുന്നു.
4. കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ ഇന്ന് തിരുവനന്തപുരത്ത്. വിവിധ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും.
5. സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരളം -കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്

PNUTVPM

## 6. ഫിഫ ലോകകപ്പിൽ ഇന്ന് പോർച്ചുഗൽ - ഉസ്ബെക്കിസ്ഥാൻ പോരാട്ടം.

## പത്മ പുരസ്കാരങ്ങൾ

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സമ്മാനിക്കും. ന്യൂഡൽഹിയിലെ രാഷ്ട്രപതി ഭവനിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്യും. നടൻ മമ്മൂട്ടി, മോഹിനിയാട്ടം നർത്തകി കലാമണ്ഡലം വിമല മേനോൻ, മുതിർന്ന മാധ്യമ പ്രവർത്തകൻ പി നാരായണൻ ഉൾപ്പെടെയുള്ളവർ പുരസ്ക്കാര ജേതാക്കളിൽ ഉൾപ്പെടുന്നു.

RNU TVPM

## പ്രതിപക്ഷ ബഹളം

നിയമസഭയിൽ പ്രതിപക്ഷ ബഹളം. ബജറ്റിൽ വീര്യം കുറഞ്ഞ മദ്യങ്ങളുടെ നികുതി കുറച്ച സാഹചര്യം സഭ നിർത്തി വച്ച് ചർച്ച ചെയ്യണം എന്നാവശ്യപ്പെട്ട് നൽകിയ അടിയന്തര പ്രമേയ നോട്ടീസ് നിഷേധിച്ചതിൽ പ്രതിഷേധിച്ചാണ് ബഹളം. പ്രതിപക്ഷത്തു നിന്നും കെ എൻ ബാലഗോപാലാണ് നോട്ടീസ് നൽകിയത്. വിഷയം സബ് മിഷനായി അവതരിപ്പിക്കാമെന്നും പ്രതിപക്ഷം സഹകരിക്കണമെന്നും സ്പീക്കർ ആവശ്യപ്പെട്ടെങ്കിലും പ്രതിപക്ഷം

മുദ്രാവാക്യങ്ങളുമായി നാടുതളത്തിലിറങ്ങി പ്രതിഷേധിച്ചു. തുടർന്ന് പ്രതിപക്ഷം സഭ ബഹിഷ്കരിക്കുകയായിരുന്നു. വീര്യം കുറഞ്ഞ മദ്യം സോഫ്റ്റ് ഡ്രിങ്ക് പോലെ വ്യാപകമാക്കാൻ ശ്രമിക്കുന്നത് വലിയ പ്രത്യാഘാതം ഉണ്ടാക്കുമെന്നു പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു. അതേസമയം, 2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ സംസ്ഥാന ബജറ്റിനെ കുറിച്ചുള്ള ചർച്ച നിയമസഭയിൽ പുരോഗമിക്കുകയാണ്.

❁❁❁❁❁❁❁❁❁❁❁❁❁

**സണ്ണി ജോസഫ് -നിയമസഭ**

സംസ്ഥാനത്ത് വൈദ്യുതിയുടെ ആഭ്യന്തര ഉത്പാദനത്തിൽ 150.63 മെഗാവാട്ടിന്റെ വർധന ഉണ്ടായിട്ടുണ്ടെന്നു മന്ത്രി സണ്ണി ജോസഫ്. മഴയുടെ ലഭ്യതക്കുറവ്, എൽനിനോ പ്രതിഭാസം എന്നിവ മൂലം വൈദ്യുതി ലഭ്യതയിൽ കുറവ് വന്നിട്ടുണ്ട്.എന്നാൽ വൈദ്യുതി ഉപയോഗത്തിൽ 10 ദശ ലക്ഷം യൂണിറ്റിന്റെ വർധനയാണ് ഉണ്ടായിട്ടുള്ളതെന്നും വൈദ്യുതി മന്ത്രി നിയമസഭയിൽ പറഞ്ഞു.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി**

കോളേജുകളിൽ ക്യാമ്പസ് വ്യവസായം യഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി നിയമസഭയിൽ. പുതിയ എം എസ് എം ഇ കൾ ആരംഭിക്കും. യുവാക്കൾക്ക് നല്ല ആശയങ്ങൾ ഉണ്ടെങ്കിൽ പുതിയ പദ്ധതികൾ തുടങ്ങുമെന്നും അദ്ദേഹം പറഞ്ഞു.

❋❋❋❋❋❋❋❋❋❋❋❋❋

**രമേശ് ചെന്നിത്തല നിയമസഭ(ഇൻട്രോ)**

ഓപ്പറേഷൻ തൂഫാനിലൂടെ ലഹരി മരുന്ന് ഉപയോഗത്തിനും വ്യാപനത്തിനുമെതിരെ ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. നിയമസഭയിൽ ചോദ്യോത്തരവേളയിൽ പ്രതികരിക്കുകയായിരുന്നു അദ്ദേഹം. ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി ഈ മാസം 2 മുതൽ 17 വരെ 2954 കേസുകളാണ് രജിസ്റ്റർ ചെയ്തത്. 3176 പേരെ ഇതിനകം അറസ്റ്റ് ചെയ്തതായും മന്ത്രി അറിയിച്ചു.

(വോയിസ്)

ജൂൺ 26 അന്താരാഷ്ട്ര മയക്കു മരുന്ന് വിരുദ്ധദിനത്തിൽ എല്ലാ എം എൽ എ മാരും സ്വന്തം നിയോജക മണ്ഡലത്തിൽ ലഹരിവിരുദ്ധ പ്രതിജ്ഞ എടുക്കുമെന്നും ശ്രീ രമേശ് ചെന്നിത്തല പറഞ്ഞു. കേരളത്തിലേക്ക് എത്തുന്ന നിരോധിത പുകയില ഉത്പന്നങ്ങളും ലഹരി മരുന്നുകളും

RNUTVPM

തടയാൻ വിവിധ സംസ്ഥാനങ്ങളുടെ സഹകരണം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ശ്രീ രമേശ് ചെന്നിത്തല വ്യക്തമാക്കി.

**കെ എൻ ബാലഗോപാൽ എം എൽ എ**

വീര്യം കുറഞ്ഞ മദ്യത്തിന് നികുതി കുറയ്ക്കാനുള്ള നീക്കം ദ്രുതഗതിയിൽ നടക്കുന്നതായി കെ എൻ ബാലഗോപാൽ എം എൽ എ. ഈ നീക്കത്തിൽ പ്രതിപക്ഷ- ഭരണപക്ഷ ഭേദമന്യെ അതൃപ്തിയുള്ളതായും അദ്ദേഹം ആരോപിച്ചു. സഭയിൽ പ്രതിപക്ഷ വാക്ക് ഔട്ടിനു ശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

RNU TVPM

**ഷിഗെല്ല-നിപ്പ**

സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ രൂപീകരിച്ച ഉന്നതാധികാര കമ്മിറ്റിയുടെ പ്രാഥമിക റിപ്പോർട്ട് മന്ത്രി കെ.മുരളീധരന് സമർപ്പിച്ചു. റിപ്പോർട്ട് വിശദമായി പരിശോധിച്ച് അടിയന്തര തുടർനടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് ഇന്നലെ 10 പേർക്ക് ഷിഗെല്ല സ്ഥിരീകരിച്ചിരുന്നു.

**സാമ്പിൾ പരിശോധന-**

കോഴിക്കോട് നിപ ഉറവിട പരിശോധനയുടെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിൻ്റെ നേതൃത്വത്തിൽ ശേഖരിച്ച സാമ്പിളുകളുടെ പരിശോധന ഫലം നെഗറ്റീവ്. നിപ പ്രഭവകേന്ദ്രത്തിന്റെ 5 കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശങ്ങളിൽ നിന്നാണ് പരിശോധനയ്ക്കായുള്ള സാമ്പിളുകൾ എടുത്തത്. ഈ പ്രദേശങ്ങളിലെ വളർത്തുമൃഗങ്ങളുടെയും വവ്വാലുകളുടെയും സ്രവങ്ങളാണ് പരിശോധനയ്ക്ക് അയച്ചത്.

**ജോർജ്ജ് കുര്യൻ -രാജി**

RNUTVPM

കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ കേന്ദ്ര മന്ത്രിസഭയിൽ നിന്ന് രാജിവച്ചു. കാലാവധി കഴിഞ്ഞതിനെ തുടർന്നാണ് രാജി. രാഷ്ട്രപതി ദ്രൗപതി മുർമു രാജി സ്വീകരിച്ചു.

**മൻസുഖ് മാണ്ഡവ്യ**

അന്താരാഷ്ട്ര ഒളിമ്പിക്സ് ദിനത്തിൻറെ ഭാഗമായി 'സായ്' തിരുവനന്തപുരത്ത് സംഘടിപ്പിച്ച 'സൈക്ലിംഗ് ബൈ ദ സീ'- കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ ഫ്ലാഗ് ഓഫ്

ചെയ്യു. എല്ലാ ഞായറാഴ്ചയും സൈക്ലിംഗ് നടത്താൻ പൊതുജനങ്ങൾ തയ്യാറാകണമെന്ന് കേന്ദ്രമന്ത്രി ആഹ്വാനം ചെയ്യു. ചാക്ക ഐ.ടി.ഐ മുതൽ ശംഖുമുഖം ബീച്ച് വരെയാണ് സൈക്ലിംഗ്. മൈലത്തെ ജി.വി. രാജാ സ്പോർട്സ് സ്കൂളും ശ്രീ.മാണ്ഡവ്യ ഇന്ന് സന്ദർശിക്കും. തുടർന്ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടക്കുന്ന ഐച്ചി-നഗോയ ഏഷ്യൻ ഗെയിംസ് ഫൺ റൺ' പരിപാടിയിലും കേന്ദ്രമന്ത്രി പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**കൊല്ലം നീലേശ്വരം -അപകടം**

കൊട്ടാരക്കര നീലേശ്വരത്ത് ടിപ്പർ ലോറി, ബസ് സ്റ്റോപ്പിലേക്ക് ഇടിച്ചുകയറി വിദ്യാർത്ഥി ഉൾപ്പടെ മൂന്ന് പേർ മരിച്ചു. മൂന്ന് പേർക്ക് പരിക്കേറ്റു. അപകടത്തെതുടർന്ന് ടിപ്പർ ലോറിയിൽ ഉണ്ടായിരുന്ന മണ്ണ് ആളുകളുടെ മുകളിലേക്ക് വീണിട്ടുണ്ട്. മണ്ണ് നീക്കംചെയ്യുള്ള തെരച്ചിൽ പുരോഗമിക്കുന്നു. രാവിലെ ഏഴ് മണിയോടെ മുക്കോണിമുക്കിലായിരുന്നു അപകടം. ടിപ്പർ ലോറി നിയന്ത്രണംവിട്ട് ബസ് സ്റ്റോപ്പിലേക്ക് ഇടിച്ചുകയറുകയായിരുന്നു.

പരിക്കേറ്റവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മന്ത്രിമാരായ ബിന്ദു കൃഷ്ണയും പി.സി വിഷ്ണുനാഥും അപകടസ്ഥലം

PNUTVPM

സന്ദർശിച്ചു. സംഭവത്തിൽ സമഗ്ര അന്വേഷണം നടത്തുമെന്ന് മന്ത്രിമാർ മാധ്യമങ്ങളോട് പറഞ്ഞു.

**മഴ -കേരളം**

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് നിർദേശമുണ്ട്. കേരളം -കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിരുന്നു.

**ഫിഫ**

ഫിഫ ലോകകപ്പിൽ ഇന്ന് പോർച്ചുഗൽ -ഉസ്ബെക്കിസ്ഥാൻ പോരാട്ടം. രാത്രി 10.30 നാണു മത്സരം. ഇന്ന് പുലർച്ചെ നടന്ന മത്സരത്തിൽ ഇറാഖിനെ എതിരില്ലാത്ത മൂന്നു ഗോളുകൾക്ക് ഫ്രാൻസ് പരായപ്പെടുത്തി. ഇന്ന് നടന്ന മറ്റൊരു മത്സരത്തിൽ ജോർദാനെതിരെ അൾജീരിയ വിജയിച്ചു. ഇന്നലെ നടന്ന അർജന്റീന -ഓസ്ട്രിയ മത്സരത്തിൽ എതിരില്ലാത്ത രണ്ടു ഗോളുകൾക്ക് അർജന്റീന ജയിച്ചു. ലയണൽ മെസ്സിയാണ് രണ്ടു ഗോളുകളും നേടിയത്.

PNU TVPM

**കണ്ണൂർ (ഇൻട്രോ)**

കണ്ണൂർ കേളകം പഞ്ചായത്തിൽ ജനങ്ങളെ ഭീതിയിലാക്കിയ പുള്ളിപ്പുലി വനംവകുപ്പിന്റെ കെണിയിൽ കുടുങ്ങി.

കഴിഞ്ഞദിവസം വളർത്തുമൃഗങ്ങളെ കൊന്നുതിന്ന പുലിയാണ് കുടുങ്ങിയത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഓ. ശശിധരൻ....***

***(വോയിസ്)***

❋❋❋❋❋❋❋❋❋❋❋❋❋

RNU TVPM

**മാർക്ക് അപ്‌ലോഡ്**

സിബിഎസ്ഇ പരീക്ഷയുടെ പുനർമൂല്യനിർണ്ണയ ഫലം പ്രഖ്യാപിച്ച സാഹചര്യത്തിൽ ഇതുവരെയും മാർക്ക് അപ്‌ലോഡ് ചെയ്യാൻ കഴിയാതിരുന്നവർക്ക് ഇന്ന് രാത്രി 11.59 വരെ സമർപ്പിക്കാം. യോഗ്യതാ പരീക്ഷയ്ക്ക് നേടിയ മാർക്കുകൾ പരിശോധിക്കുന്നതിനും അവസരമുണ്ട്.കൂടുതൽ

വിവരങ്ങൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

❋❋❋❋❋❋❋❋❋❋❋❋❋

**പ്ലസ് വൺ**

സംസ്ഥാനത്തെ പ്ലസ് വൺ രണ്ടാം ഘട്ട അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് ഇന്ന് വൈകിട്ട് അഞ്ചു മണി വരെ പ്രവേശനം നേടാം . താഴ്ന്ന ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിക്കുന്നവർക്ക് താൽക്കാലിക പ്രവേശനമോ സ്ഥിര പ്രവേശനമോ നേടാമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫിസ് അറിയിച്ചു.

**ഓഹരി-സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം .സെൻസെക്സ് 352 പോയിന്റ് താഴ്ന്നു 76,733 ലും ,നിഫ്റ്റി116 പോയിന്റ് നഷ്ടത്തിൽ 23,976 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു.പവന് 1,520 രൂപ താഴ്ന്നു ഒരു ലക്ഷത്തി 7000 രൂപയും, ഗ്രാമിന് 13,375 രൂപയുമാണ് ഇന്നത്തെ വില . .

RNJUTVPM

**പൈതൽ മല-നിയന്ത്രണം**

കണ്ണൂർ ജില്ലയിലെ വിനോദസഞ്ചാരകേന്ദ്രമായ പൈതൽ മലയിൽ സഞ്ചാരികൾ പ്രവേശിക്കുന്നതിൽ താൽക്കാലിക നിയന്ത്രണം ഏർപ്പെടുത്തി. മിന്നലേറ്റ് യുവതി മരണപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് നടപടി. ഇനി ഒരറിയിപ്പ് ഉണ്ടാകുന്നത് വരെ നിയന്ത്രണം തുടരുമെന്ന് വനം വകുപ്പ് അധികൃതർ അറിയിച്ചു.

## എഫ്ഐഎച്ച് പ്രോ ലീഗ്

എഫ്ഐഎച്ച് പ്രോ ലീഗ് പുരുഷ ഹോക്കിയിൽ ഇന്ന് ഇന്ത്യ പാകിസ്ഥാനെ നേരിടും. 2024 ൽ ചൈനയിൽ നടന്ന ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി മത്സരത്തിനുശേഷം ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള മത്സരമാണിത്.

## കൊട്ടിയൂർ

കൊട്ടിയൂർ വൈശാഖ മഹോത്സവം നാളെ സമാപപിക്കും .ഒരുമാസകാലത്തോളം നീണ്ടുനിന്ന മഹോത്സവത്തിന് തൃക്കലശാട്ടോടെയാണ് സമാപനമാകുന്നത്. അവസാനത്തേതായ അത്തം ചതു:ശ്ശതം ഇന്ന് നടക്കും.

RIJU TVPM

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 135-ാം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും ഈ മാസം 26 വരെ MY GOV, NaMo App,

1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ എന്നിവയിലൂടെ അറിയിക്കാം

RNU TVPM